ഉത്തരം

(എ) 75 പ്രസ്തുത ചെക്ക് പോസ്റ്റുകളിൽ നിന്ന് 2009-10 സാമ്പത്തിക വർഷം 276.62 കോടി രൂപ പിരിഞ്ഞുകിട്ടി.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വാണിജ്യനികുതി ഇൻസ്പെക്ടർമാരുടെ മതിയായ തസ്തികകൾ ഇപ്പോൾ ഉണ്ട്. പ്യൂൺമാരുടെ കുറവ് പരിഗണിച്ച് തസ്തിക സൃഷ്ടിക്കുന്നതിനുള്ള വാണിജ്യനികുതി കമ്മീഷണറുടെ ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു.

പ്രാദേശിക നികുതിനിരക്ക് കുറയ്ക്കണമെന്ന നിർദ്ദേശം

191(1448) ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. കെ. രാജു :
ശ്രീമതി ഇ. എസ്. ബിജി മോൾ :
ശ്രീ. രാജാജി മാത്യു തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിലക്കയറ്റം നിയന്ത്രിക്കുവാൻ സംസ്ഥാനങ്ങൾ പ്രാദേശിക നികുതിനിരക്ക് കുറയ്ക്കണമെന്ന് കേന്ദ്രനിർദ്ദേശമുണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിനാനുപാതികമായി നികുതിയിളവ് കേന്ദ്രസർക്കാർ നൽകാൻ സാദ്ധ്യതയുണ്ടോ;

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പെട്രോളിയം ഉല്പന്നങ്ങൾക്ക് നികുതിനിരക്ക് കുറയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര വീതം; ഇതനുസരിച്ച് പെട്രോളിയം ഉല്പന്നങ്ങൾക്ക് എന്തുമാത്രം വിലക്കുറവ് ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേന്ദ്ര നിർദ്ദേശമുണ്ടായിട്ടില്ല.

(ബി) പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് നികുതി നിരക്ക് കുറയ്ക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

പെട്രോളിന്റെ അധികനികുതി ഉപേക്ഷിക്കാൻ നടപടി

192(1449) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു ലിറ്റർ പെട്രോളിന് നികുതിയും സെസ്സുമായി കേരള സർക്കാർ ചുമത്തുന്ന നികുതി എത്രയാണ് ;

(ബി) ഈ സാമ്പത്തികവർഷം പെട്രോളിന്റെ വിലവർദ്ധനമൂലം സർക്കാരിന് ഒരു ലിറ്റർ പെട്രോളിന് എത്ര അധികനികുതി ലഭിക്കുന്നു ;

(സി) ഈ അധികനികുതി ഉപേക്ഷിച്ച് വിലക്കയറ്റംകൊണ്ട് നട്ടംതിരിയുന്ന ജനങ്ങൾക്ക് ആശ്വാസം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2.88 രൂപ നികുതിയും 0.12 പൈസ സെസ്സുമായി 3.00 രൂപ ചുമത്തുന്നു.

(ബി) 0.66 രൂപ.

(സി) പരിഗണനയിലില്ല.

(ഡി) സർക്കാർ വരുമാനത്തെ പ്രതികൂലമായി ബാധിക്കുന്നതിനാൽ നികുതി കുറയ്ക്കുവാൻ ഉദ്ദേശിക്കുന്നില്ല. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 1-1-2011 വരെ 19.25 ശതമാനം മാത്രമാണ് പെട്രോളിൽ നിന്നുള്ള നികുതി വർദ്ധിച്ചിട്ടുള്ളത്.

കുന്നമംഗലം നിയോജകമണ്ഡലത്തിലെ വൺമാൻ ട്രഷറി

3(1450) **ശ്രീ. യു. സി. രാമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ പ്രവർത്തിച്ചുവന്നിരുന്ന 'വൺമാൻ ട്രഷറി' അടുത്തകാലത്ത് അടച്ചുപൂട്ടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ട്രഷറി അടച്ചുപൂട്ടിയതുമൂലം മണ്ഡലത്തിലെ ജനങ്ങൾക്കും പെൻഷൻകാർക്കും നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത മണ്ഡലത്തിൽ ഒരു സബ്ട്രഷറി വേണമെന്ന ആവശ്യം നിലനിൽക്കെ, നിലവിലുണ്ടായിരുന്ന 'വൺമാൻ ട്രഷറി' പോലും അടച്ചുപൂട്ടിയതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) സബ്ട്രഷറി പ്രവർത്തനമാരംഭിക്കുന്നതുവരെ നിലവിലുണ്ടായിരുന്ന 'വൺമാൻ ട്രഷറി'യുടെ പ്രവർത്തനം പുനഃസ്ഥാപിക്കാൻ അടിയന്തര നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാങ്കേതിക കാരണങ്ങളാൽ വൺമാൻ ട്രഷറി തുറന്ന് പ്രവർത്തിക്കാൻ കഴിയാത്ത ഒരു അവസ്ഥ വന്നതുകൊണ്ട് തൽക്കാലം പ്രസ്തുത ട്രഷറിയുടെ പ്രവർത്തനം നിർത്തിവച്ചിട്ട് 2010 മേയ് മുതൽ PTSB വഴിയാണ് പെൻഷൻ വിതരണം ചെയ്യുന്നത്. വൺമാൻ ട്രഷറികളിൽ പെൻഷൻ ഡാറ്റാബേസ് ലഭ്യമാക്കുന്നതിന് സാങ്കേതികമായി കഴിയാത്തതിനാലാണ് പെൻഷൻ വിതരണം സബ് ട്രഷറിയിലേക്ക് മാറ്റേണ്ടി വന്നത്.

(ഡി) പ്രത്യേകം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly